TUESDAY 03/03/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. K S **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/03/2026

1. കേരളത്തിലെ എല്ലാ കർഷകരും സ്വന്തം കൃഷിയിടത്തിൽ സൂക്ഷ്മജലസേചനം/മൈക്രോ ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് (സബ്സിഡി) ഓൺലൈനിൽ അപേക്ഷിക്കാം. കർഷകർ സ്വന്തമായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ https://pdmc.da.gov.in/KeralaMIS എന്ന വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ പരിഗണിക്കപ്പെടുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതരത്തിലാണ് പോർട്ടൽ സജ്ജീകരിച്ചിരിക്കുന്നത്. അപേക്ഷയ്ക്കായി ആധാർ കാർഡ്, ഭൂഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ബാങ്ക് വിവരങ്ങൾ എന്നിവയാണ് ആവശ്യമായരേഖകൾ. ഈ വർഷം ഓൺലൈനിനൊപ്പം കൃഷി എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ ഓഫ് ലൈൻ അപേക്ഷകളും സ്വീകരിക്കുന്നതാണ്.

2. വെള്ളാനിക്കര കാർഷിക സർവ്വകലാശാലയിലെ ഫലവർഗ്ഗ വിഭാഗത്തിന്റെ കീഴിൽ, ആഞ്ഞിലി ചക്കയുടെ (അയനി ചക്ക) ഗുണമേന്മയും വ്യാവസായിക അടിസ്ഥാനത്തിലുള്ള സാധ്യതകളെയും കുറിച്ചുള്ള ഒരു പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ പുരയിടങ്ങളിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന ആഞ്ഞിലി (അയനി) മരങ്ങളുടെ ചക്കയുടെ ഗുണമേന്മ സംബന്ധിച്ചിട്ടുള്ള പഠനമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. അത്തരം ആഞ്ഞിലി മരങ്ങൾ വളർത്തുന്ന കർഷകർ **9995155346** എന്ന ഫോൺ നമ്പർ / വാട്സ്ആപ്പ് നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

3. റബ്ബർ ബോർഡിന്റെ കീഴിൽ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പിലുള്ള പരിശീലനം 2026 മാർച്ച് 09 മുതൽ 13 വരെയുള്ള തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ് രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിത കമിഴ്ത്തിവെട്ട്, ഇടവേള കൂടിയ ടാപ്പിങ്,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള റബ്ബർകർഷകർക്കും തോട്ടം മേഖലയിൽ നിന്നുള്ളവർക്കും അപേക്ഷിക്കാം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446428554 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ training@rubberboard.org.in

4. കാർഷിക നിർദേശം

കവുങ്ങിന് നന തുടരണം. ഇടവിളകൃഷിയിലൂടെ കവുങ്ങിൻ തോട്ടം കൂടുതൽ ആദായകരമാക്കാം. ജാതി, വാഴ, തീറ്റപ്പുല്ല്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഔ ഷധചെടികൾ എന്നിവ ഇടവിളകൃഷിക്ക് യോജിച്ചവയാണ്. പ്രധാന വിളക്കൊപ്പം ഇടവിളകൾക്കും വളവും വെള്ളവും നൽകാൻ പ്രത്യേകം ശ്രദ്ധിക്കണം.

ചേന, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗ വിളകൾ ഇപ്പോൾ നടാവുന്നതാണ്. വേനൽ മഴയോടെയാണ് ഇവ നടേണ്ടത്. ശ്രീകീർത്തി, ശ്രീരൂപ എന്നിവ അത്യുല്പാദന ശേഷിയുള്ള കാച്ചിൽ ഇനങ്ങളാണ്.